**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ബഡ്സ് സ്കൂളുകൾക്ക് വാഹനം വാങ്ങി നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(എം.എസ്) നം.195/2018/തസ്വഭവ.** **തിരുവനന്തപുരം, തീയതി: 29/12/2018**

---

പരാമർശം:- 1. 29/07/2009-ലെ സ.ഉ(എം.എസ്)നം.148/2009/തസ്വഭവ
2. 26/07/2010 ലെ 43145/എഫ്.എം./10/തസ്വഭവ സർക്കുലർ
3. 77737/എഫ്.എം./11/തസ്വഭവ സർക്കുലർ
4. 06/04/2013 ലെ സ.ഉ.(എം.എസ്)നം.144/13/തസ്വഭവ
5. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 24.3.2018-ലെ 5291/എൽ/09/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്

**ഉത്തരവ്**

കുടുംബശ്രീയുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആരംഭിച്ച് വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരത്തോടെ നടപ്പിലാക്കി വരുന്ന ബഡ്സ് സ്കൂളുകൾക്ക് വാഹനം വാങ്ങി നല്കുന്നതിനും കുടുംബശ്രീയുടെ പ്ലാൻ ഫണ്ടിൽ, നടപ്പുവർഷത്തെ ബഡ്ജറ്റിൽ '2515-00-800-48' എന്ന ബഡ്ജറ്റ് ശീർഷകത്തിൽ നിന്നും 15 ലക്ഷം രൂപാ നിരക്കിൽ 4.5 കോടി രൂപ ചെലവഴിച്ച് 30 വാഹനങ്ങൾ (സ്കൂൾ ബസ്) വാങ്ങി നല്കുന്നതിന് അനുമതിക്കായി പരാമർശം (5) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ശുപാർശ സമർപ്പിക്കുകയുണ്ടായി

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കുടുംബശ്രീയുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആരംഭിച്ച് വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരത്തോടെ നടപ്പിലാക്കി വരുന്ന ബഡ്സ് സ്കൂളുകൾക്ക് 15 ലക്ഷം രൂപാ നിരക്കിൽ 30 വാഹനങ്ങൾ (സ്കൂൾ ബസ്) വാങ്ങി നല്കുന്നതിന് കുടുംബശ്രീയുടെ പ്ലാൻ ഫണ്ടിൽ, നടപ്പുവർഷത്തെ ബഡ്ജറ്റിൽ '2515-00-800-48' എന്ന ബഡ്ജറ്റ് ശീർഷകത്തിൽ നിന്നും 4.5 കോടി രൂപ (നാല്പ കോടി അൻപത് ലക്ഷം രൂപാ മാത്രം) ചെലവാക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(3) വാഹനങ്ങൾ അനുവദിച്ച് കിട്ടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ടി വാഹനത്തിന്റെ മരാമത്ത് പണികളും ഇന്ധനചെലവും, ഡ്രൈവർ ഉൾപ്പെടെയുള്ള മറ്റു ചെലവുകളും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**ശ്രീകല സി.എസ്.**
**ഗവൺമെന്റ് ഡെപ്യൂട്ടി സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (Dev-3/217/18/Fin dtd. 29/10/18 പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**